# സീപ്പ് ഗാർഡ് ഇന്റീരിയർ സർഫേസസ്




**കുളിമുറി, അടുക്കള, വെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങൾ, കെട്ടിട ഉൾഭാഗ ഭിത്തികൾ എന്നിവയ്ക്കായി വൈറ്റ് സിമന്റിന്റെ ഗുണങ്ങളുള്ളതും ഏക ഘടകമുള്ളതുമായ ഒരു വാട്ടർപ്രൂഫ് കോട്ടിംഗ്**

സിമന്റ്കട്ട-ഇഷ്ടിക കൊണ്ടുള്ള പണികൾക്കും കോൺക്രീറ്റ് പ്രതലങ്ങൾക്കും അനുയോജ്യമായ പോളിമർ പരിവർത്തനം ചെയ്തിട്ടുള്ള, വൈറ്റ് സിമന്റിന്റെ ഗുണങ്ങളുള്ളതും, ഉയർന്ന ക്ഷമത നൽകുന്ന കോട്ടിംഗ് സിസ്റ്റമാണ് സീപ് ഗാർഡ് ഇന്റീരിയർ സർഫേസുകൾ. പുറത്തേയും ഉൾഭാഗത്തേയും വാട്ടർപ്രൂഫിംഗിനായി ഉൽപ്പന്നം ഉപയോഗിക്കാം. അത് നികത്തുകയും ചുവരുകളിലൂടെ വെള്ളം അരിച്ചിറങ്ങുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. അങ്ങനെ, വെള്ളവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങളിൽ നിന്ന് ഇത് ഘടനയെ സംരക്ഷിക്കുന്നു.

## പ്രയോഗിക്കാവുന്ന സ്ഥലങ്ങൾ

- സിമന്റ്കട്ട-ഇഷ്ടിക കൊണ്ടുള്ള പ്രതലങ്ങളിലും കോൺക്രീറ്റ് പ്രതലങ്ങളിലും വാട്ടർപ്രൂഫിംഗിന് വേണ്ടി ഉൾ വശങ്ങളിലും പുറം വശങ്ങളിലും.
- കുളിമുറി, അടുക്കള സിങ്കുകൾ തുടങ്ങിയ വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങൾ.
- സ്വീകരണ മുറി, കിടക്ക മുറി തുടങ്ങിയ ഉൾ ഭാഗങ്ങൾ.
- വാട്ടർ ടാങ്കുകൾ.

## ഉൽപ്പന്ന സവിശേഷതകളും പ്രയോജനങ്ങളും

- **ഉയർന്ന ജല പ്രതിരോധശേഷി:** പോസിറ്റീവ് ഹൈഡ്രോസ്റ്റാറ്റിക് മർദ്ദത്തിന്റെ 3 ബാറുകൾ വരെ വാട്ടർപ്രൂഫിംഗ് സംരക്ഷണം.
- **ഒട്ടിച്ചേരൽ:** സിമന്റ്കട്ട-ഇഷ്ടിക കൊണ്ടുള്ള പ്രതലങ്ങളിലും കോൺക്രീറ്റ് പ്രതലങ്ങളിലും വളരെ ശക്തമായ ഒട്ടിച്ചേരൽ.
- **ഈട് നിൽക്കൽ:** ചോർച്ചയിൽ നിന്നും വെള്ളം അരിച്ചിറങ്ങുന്നതിൽ നിന്നും നിങ്ങളുടെ കെട്ടിടത്തിന്റെ പ്രതലത്തെ സംരക്ഷിക്കുന്നു.
- **ഫുഡ് ഗ്രേഡ് അംഗീകൃതം:** ഉൽപ്പന്നം സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സാക്ഷ്യപ്പെടുത്തിയതാണ്, കൂടാതെ വാട്ടർ ടാങ്കുകൾ, റിസർവോയറുകൾ മുതലായവയിൽ പ്രയോഗിക്കുന്നതിന് സുരക്ഷിതമാണ്.
- **വിള്ളൽ അടയ്ക്കൽ:** ജർമ്മൻ ഇലാസ്റ്റോമെറിക് പോളിമെറുകളുടെ സാന്നിദ്ധ്യം കാരണം മികച്ച വിള്ളൽ അടയ്ക്കൽ ഗുണങ്ങൾ.
- **ഉപയോഗവും അറ്റകുറ്റപ്പണിയും:** ഇത് ഏക പായ്ക്കിലുള്ള വൈറ്റ് സിമന്റ് അടിസ്ഥാനമാക്കിയുള്ള പോളിമെർ പരിഷ്കരിച്ച പൊടി ഉൽപ്പന്നമാണ് ഇത്.
- **ലവണ പരലുകൾ രൂപപ്പെടുന്നത് തടയുന്നു (ആന്റി-എഫ്ലോറെസെൻസ്):** ഈ ഉൽപ്പന്നം പ്രതലത്തിൽ ലവണ പരലുകൾ രൂപപ്പെടുന്നതിനെ പ്രതിരോധിക്കുകയും ദീർഘകാലം നീണ്ടു നിൽക്കുന്ന ഫലം നൽകുകയും ചെയ്യുന്നു.
- **പരിസ്ഥിതി-സൗഹൃദ സ്വഭാവം:** സീറോ വൊളൈറ്റൽ ഓർഗാനിക് കോമ്പൗണ്ട് (വിഒസി).

  **ആൽഗേയും ഫംഗസിനേയും പ്രതിരോധിക്കുന്നു**
- **വാറന്റി:** ഈ ഉൽപ്പന്നം 5 വർഷത്തെ വാട്ടർപ്രൂഫിംഗ് വാറന്റി നൽകുന്നു.

## പാക്കേജിംഗ്

- **2 കി.ഗ്രാം, 10 കിലോ**

# സാങ്കേതിക വിവരങ്ങൾ

| Properties | Seep Guard Interior Surfaces | Test Method |
|---|---|---|
| Tensile Adhesion Strength (pull off) (n/mm²) @ 28 days | 1.44 | ASTM D7234 |
| Water Impermeability (Against Hydrostatic Pressure) (Bar) | Positive: Nil @ 3 bar & 3mm @ 5 bar<br>Negative: Pass @ 3 bar | EN 12390-8:2000 |
| Crack Bridging (MM) | No cracking up to 1.28 mm | EN 1062-7 |
| Alkali Resistance | No colour change | IS 15489 |
| Fungal Resistant | Zero rating | ASTM G 21 |
| Coverage* Two coats on Brick masonry, Sq.ft./Kg | 10-12 | In-House |
| Pot Life (hours) | 1.5 | In-House |
| Reduction of surface temp. at Noon time (°C) | 5-7 | In-House |
| Food Grade Certification | Pass | CFTRI Certification |

*This value is on ideal concrete surface; however, this may change according to surface pattern/ texture.



## ഷെൽഫ് ലൈഫ്

തുറക്കാത്ത നിലയിലും അനുയോജ്യമായ സംഭരണ സ്ഥിതിയിലും ആണെങ്കിൽ, നിർമ്മിച്ച മാസം മുതൽ 12 മാസം




മേൽത്തരമായ വ്യാപന ശേഷി

ജലത്തെ പ്രതിരോധിക്കുന്നതിനുള്ള ഉയർന്ന ശേഷി

ലവണ പരലുകളുടെ രൂപപ്പെടൽ ചെറുക്കുന്നു



# പ്രയോഗിക്കേണ്ടവിധം

## പ്രതലം തയ്യാറാക്കൽ

- അഴുക്ക്, പൊടി, ഓർഗാനിക് ലായകങ്ങൾ (ഡീ-ഷട്ടറിംഗ്/ക്യൂറിംഗ്-രഹിത മിശ്രിതം), എണ്ണ മുതലായവ പോലെയുള്ള ഇളകിയിരിക്കുന്ന എല്ലാ വസ്തുക്കളും എമറി പേപ്പർ, ഉളി അല്ലെങ്കിൽ വയർ ബ്രഷ് മുതലായവ ഉപയോഗിച്ച് പ്രതലത്തിൽ നിന്ന് നീക്കം ചെയ്യുക.
- ലവണ പരലുകൾ ഉണ്ടെങ്കിൽ, ഇളകിയിരിക്കുന്ന എല്ലാ കണികകളും പ്രതലത്തിൽ നിന്ന് നീക്കം ചെയ്യുന്നതിനായി പ്രതലം നന്നായി വൃത്തിയാക്കണം.
- ശുദ്ധജലം ഉപയോഗിച്ച് പ്രതലം നന്നായി കഴുകുകയും ഉൽപ്പന്നം പ്രയോഗിക്കുന്നതിന് മുമ്പ് പ്രതലം പൂർണ്ണമായും ഉണങ്ങുവാൻ അനുവദിക്കുകയും ചെയ്യുക.
- പ്രതലത്തിലെ വിള്ളലുകൾ സീപ് ഗാർഡ് ക്രാക്ക് എൻഡ് ഉപയോഗിച്ച് അടയ്ക്കണം (<3 മിമീ). വലിയ വിള്ളലുകളും കേട് വന്നിട്ടുള്ള ഭാഗങ്ങളും പൊള്ളയായ സ്ഥലങ്ങളും ബിർള വൈറ്റ് ലെവൽപ്ലാസ്റ്റ് (പോളിമർ സിമന്റ് പരിവർത്തനം ചെയ്തിട്ടുള്ള മോർട്ടാർ ഉൽപ്പന്നം) ഉപയോഗിച്ച് തകരാർ പരിഹരിക്കണം.

## മിക്സിംഗ്

- ദ്രവ മിശ്രിതം ഉണ്ടാക്കുന്നതിന് വേണ്ടി 1 കിലോ ഉൽപ്പന്നത്തിന്റെ ഒപ്പം 60%-65% ശുദ്ധമായ വെള്ളം (1 കിലോ ഉൽപ്പന്നം + 600-650 മിലി വെള്ളം) ചേർക്കുക.
- മിശ്രണം ഒരു മെക്കാനിക്കൽ സ്റ്റിറർ (3-5 മിനിറ്റ്) ഉപയോഗിച്ച് നടത്തണം.
- മികച്ച ഫലം ലഭിക്കുന്നതിന് വേണ്ടി, നന്നായി മിശ്രണം ചെയ്തതിന് ശേഷം 5 മിനിറ്റ് ദ്രവ മിശ്രിതം അങ്ങനെ തന്നെ സൂക്ഷിക്കുക. തയ്യാറാക്കിയിട്ടുള്ള ദ്രവ മിശ്രിതം 1-1.5 മണിക്കൂറിനുള്ളിൽ ഉപയോഗിക്കേണ്ടതാണ്.

## 1-ഉം 2-ഉം കോട്ട്

- നന്നായി മിശ്രണം ചെയ്തതിന് ശേഷം, വൃത്തിയുള്ളതും ഉണങ്ങിയതുമായ പ്രതലത്തിൽ ഒരു പെയിന്റിംഗ് ബ്രഷിന്റെ/റോളർ സഹായത്തോടെ ഏകതാനമായി ആദ്യത്തെ കോട്ട് അടിക്കുക.
- പ്രതലം കുറഞ്ഞത് 4-6 മണിക്കൂറെങ്കിലും ഉണങ്ങാൻ അനുവദിക്കുക, തുടർന്ന് ഉൽപ്പന്നത്തിന്റെ രണ്ടാമത്തെ കോട്ട് പ്രയോഗിക്കുക. മികച്ച ഫലത്തിനായി രണ്ടാമത്തെ കോട്ട് പ്രയോഗിക്കുന്നത് കുറുകെയുള്ള ദിശയിൽ പ്രയോഗിക്കണം.
- മറ്റ് ടോപ്പ് കോട്ട് ഉൽപ്പന്നങ്ങൾ പ്രയോഗിക്കുന്നതിന് 10-12 മണിക്കൂർ മുൻപ് പ്രതലം പൂർണ്ണമായും ഉണങ്ങുവാൻ അനുവദിക്കുക.
- രണ്ട് കോട്ടുകളുടെയും ആകെ കനം പരമാവധി 1.5 മില്ലീമീറ്ററായി പരിമിതപ്പെടുത്തണം.
- ഉപരിതലത്തിൽ വീണ്ടും പ്ലാസ്റ്റർ ചെയ്യുക. ബിർള വൈറ്റ് വാൾസീൽ വാട്ടർപ്രൂഫ് പുട്ടിയുടെ രണ്ട് കോട്ടുകൾ പ്രയോഗിക്കുന്നതിന് മുൻപായി, പ്ലാസ്റ്റർ ചെയ്ത പ്രതലം 7 ദിവസം കൃത്യമായ ഈർപ്പവും, താപനിലയും നിലനിർത്തുന്ന പ്രക്രിയയ്ക്ക് (ക്യൂവറിംഗ്) വിധേയമാകുന്നതിന് അനുവദിക്കുക.
- മേൽത്തരമായ ഫിനിഷിംഗ് ഉള്ള പ്രതലം ലഭിക്കുന്നതിന് വേണ്ടി ഉൾഭാഗ പ്രൈമറിന് ശേഷം മുകൾ കോട്ട് പെയിന്റ് പ്രയോഗിക്കുക.


SEEPGUARD™
WATERPROOFING SOLUTIONS
INTERIOR SURFACES
Waterproofing
5
year*
Warranty